● ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികളുടെ ഭാഗമായി കോഴിപ്പാറ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ് വിദ്യാർഥികൾ ലഹരി വിരുദ്ധ സ്റ്റിക്കറുകൾ തയ്യാറാക്കുന്നു.

ലഹരിവിരുദ്ധ സ്റ്റിക്കർ തയ്യാറാക്കി വിദ്യാർഥികൾ

ചിറ്റൂർ: ലഹരിവിരുദ്ധ സ്റ്റിക്കറുകൾ തയ്യാറാക്കിയും ബോധവത്കരണ പരിപാടികളുമായി കോഴിപ്പാറ ഗവ ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ് വിദ്യാർഥികൾ മാതൃകയായി. എൻ.എസ്.എസ് തയ്യാറാക്കിയ കാവലാൾ പദ്ധതിയുടെ ഭാഗമായാണ് വിദ്യാർഥികൾ എഴുതി തയ്യാറാക്കിയ സ്റ്റിക്കറുകൾ ദത്ത് ഗ്രാമത്തിലെ വീടുകളിൽ വിതരണം ചെയ്തത്. പരിപാടിയുടെ ഉദ്ഘാടനം ചിറ്റൂർ എക്സൈസ് പ്രിവന്റീവ് ഓഫീസർ എ. ഷാജഹാൻ ഉദ്ഘാടനം ചെയ്തു. വോളണ്ടിയർമാരായ എസ്. ആര്യ, ആർ. ശ്രീരുദ്ര, ആർ. പ്രഗത, ജെ. കൃഷിഹ, മുഹമ്മദ് ബഷീർ, ആർ. രേവതി, പൂജാഗുരുഎസ്തർ ഇവാഞ്ചലിൻ എന്നിവർ നേതൃത്വം നൽകി.

പൂർവവിദ്യാർഥി സംഗമം

കുഴൽമന്ദം: തോലനൂർ ഗവ. ഹൈസ്കൂളിലെ 1983–84ലെ എസ്.എസ്.എൽ.സി. പൂർവവിദ്യാർഥി സംഗമം നടത്തി. കുത്തനൂർ ഗ്രാമപഞ്ചായത്തംഗം ആർ. ശശിധരൻ അധ്യക്ഷനായി. ജി. സുന്ദരൻ, എം. ബാലകൃഷ്ണൻ, എം.വി. ദേവു, എച്ച്. റുക്കിയ, പി. ജയരാമൻ, പി. എൻ. രവീന്ദ്രൻ, ആർ. സതീഷ്, ടി.ആർ. സുരേഷ് കുമാർ പ്രസംഗിച്ചു.

●ഷോളയൂർ പഞ്ചായത്തിലെ കടകളിൽ ആരോഗ്യവകുപ്പ് പരിശോധന നടത്തുന്നു.

ആരോഗ്യ വകുപ്പ് പരിശോധന; ഹോട്ടലും പലചരക്ക് കടയും അടപ്പിച്ചു

അഗളി: ഷോളയൂർ ഗ്രാമപഞ്ചായത്തിന് കീഴിലെ ഷോളയൂർ കുടുംബാരോഗ്യ കേന്ദ്രവും ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രവും സംയുക്തമായി ആനക്കട്ടി, കോട്ടത്തറ പ്രദേശങ്ങളിലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പ് പരിശോധന നടത്തി. വൃത്തിഹീനമായ സാഹചര്യത്തിൽ കണ്ട 11 കടകൾക്ക് നോട്ടീസ് നൽകുകയും, ഒരു ഹോട്ടലും, ഒരു പലചരക്ക് കടയും അടപ്പിച്ചു. ഭക്ഷ്യയോഗ്യമല്ലാത്ത ഭക്ഷ്യ സാധനങ്ങൾ പിടിച്ചെടുത്ത് നശിപ്പിച്ചു.

പുകയില പാടില്ല എന്ന ബോർഡ് പ്രദർശിപ്പിക്കാത്ത മൂന്ന് കടകളിൽ നിന്നും പിഴ ഈടാക്കി. കാലാവധി രേഖപ്പെടുത്താത്ത ഭക്ഷ്യ സാധനങ്ങൾ വ്യാപകമായി വിതരണം ചെയ്യുന്നതായി പരിശോധനയിൽ കണ്ടെത്തി. വിതരണം ചെയ്ത ഏജൻസിയിക്ക് 80000 രൂപ പിഴ അടയ്ക്കാൻ നിർദ്ദേശം നൽകി. നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പിടികൂടി പിഴ ഈടാക്കി.ഹെൽത്ത് ഇൻസ്പെക്ടർ എസ്.എസ്. കാളിസ്വാമിയുടെ നേതൃത്വത്തിൽ നടന്ന പരിശോധനയിൽ ആകെ 23 കടകൾ പരിശോധിച്ചു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഷേർലി, രഞ്ജിത് എസ്, സാബിറ, അനൂപ് .എസ്.എസ്, രവി .എസ്, പഞ്ചായത്ത് സ്റ്റാഫ് രമ .എം, വി.ഇ.ഒ പ്രദീപ് എന്നിവർ പങ്കെടുത്തു.

● മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പെരുവെമ്പ് പാടശേഖര സമിതികളിൽ നിന്നും സ്വരൂപിച്ച 25000 രൂപ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ഹംസത്ത്, പാടശേഖര സമിതി കോർഡിനേഷൻ കമ്മിറ്റി ഭാരവാഹികളായ പി.എസ്. സച്ചിതാനന്ദൻ, സി. അയ്യപ്പൻ, ജഗദീഷ്കുമാർ കുളങ്ങരകളം, കെ. വിജയകുമാരൻ, എ. പ്രഭാകരൻ എന്നിവർ ചേർന്ന് ജില്ലാ കലക്ടർക്ക് കൈമാറുന്നു.

എക്സൈസ് സ്പെഷൽ ഡ്രൈവ് സെപ്റ്റംബർ 20 വരെ

പാലക്കാട്: ഓണക്കാലത്ത് സ്പിരിറ്റ് കടത്ത്, അനധികൃത മദ്യ നിർമാണം, അനധികൃത മദ്യ വിൽപന, വ്യാജവാറ്റ്, മയക്കുമരുന്ന് കടത്ത് എന്നിവ തടയുന്നതിനായി സെപ്റ്റംബർ 20 വരെ എക്സൈസ് കമ്മിഷണറുടെ നേതൃത്വത്തിൽ സ്പെഷൽ ഡ്രൈവ് നടത്തും. ചിറ്റൂർ താലൂക്കിൽ അതിർത്തി റോഡുകളിൽ കെമു ബോർഡർ പട്രോളിങ് യൂണിറ്റ്, ദേശീയപാതയിൽ പ്രത്യേക പട്രോളിങ് യൂണിറ്റ് എന്നിവ പട്രോളിങ് ശക്തമാക്കും. എക്സൈസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ മൂന്ന് മേഖലകളായി തിരിച്ച് സ്ട്രൈക്കിങ് ഫോഴ്സുകൾ പ്രവർത്തിക്കും. ഒറ്റപ്പാലം, മണ്ണാർക്കാട് മേഖലയിൽ ഒന്നാം ഫോഴ്സും പാലക്കാട്, ചിറ്റൂർ, ആലത്തൂർ കേന്ദ്രീകരിച്ച് രണ്ടാം ഫോഴ്സും അട്ടപ്പാടിയിൽ മൂന്നാം ഫോഴ്സും പ്രവർത്തിക്കും. ഓണം സ്പെഷൽ ഡ്രൈവ് തീരുംവരെ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ജില്ലാതല മിന്നൽ സ്കാഡും പ്രവർത്തിക്കും.

കള്ള് ഷാപ്പുകൾ ഉൾപ്പെടെ ലൈസൻസ്ഡ് സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കും. ഡിസ്റ്റിലറികളിലും ബ്രൂവറികളിലും പ്രത്യേക നിരീക്ഷണം നടത്തും. റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, പോലീസ്, റവന്യൂ, ഫോറസ്റ്റ് എന്നിവയുമായി ചേർന്ന് സംയുക്ത പരിശോധന ഉണ്ടാകും. റെയിൽവേ സ്റ്റേഷനുകളിലും പാർസൽ, കൊറിയർ സർവീസ്, ചെക്ക്പോസ്റ്റ് എന്നിവിടങ്ങളിലും പോലീസ് ഡോഗ് സ്കാഡ്, എക്സൈസ് സംയുക്ത പരിശോധന ഉണ്ടാകും. അഗളി, ചിറ്റൂർ കേന്ദ്രീകരിച്ച് പ്രത്യേക റെയ്ഡുകൾ നടത്തും. ചിറ്റൂരിൽ കള്ള് ചെത്ത് തോട്ടം മേഖല കേന്ദ്രീകരിച്ച് പരിശോധന ഊർജിതമാക്കും. ജോയിന്റ് എക്സൈസ് കമ്മിഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ എന്നിവരുടെ പ്രത്യേക തോപ്പ് പരിശോധന സ്കാഡുകൾ പ്രവർത്തിക്കും.

അതിർത്തി വഴി കടത്ത് തടയുന്നതിനായി അന്തർ സംസ്ഥാന യോഗം വിളിച്ചുചേർക്കുമെന്ന് പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ വി. റോബർട്ട് അറിയിച്ചു. എക്സൈസ് സൈബർ സെൽ അടക്കമുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് മുൻപ്രതികളെ നീരീക്ഷിക്കുമെന്ന് അസി. എക്സൈസ് കമ്മിഷണർ എം. സൂരജ് അറിയിച്ചു.

നെല്ലിയാമ്പതി പൊതുഗതാഗത നിയന്ത്രണം തുടരുന്നു

നെന്മാറ: നെല്ലിയാമ്പതി ഗതാഗതം പൂർണമായി പുനഃസ്ഥാപിച്ചില്ല. കഴിഞ്ഞ തിങ്കളാഴ്ച മുതൽ തുടങ്ങിയ ഗതാഗത നിയന്ത്രണം വെള്ളിയാഴ്ച വരെ കലക്ടർ നീട്ടി. ശക്തമായ മഴയിൽ ഉരുൾപൊട്ടി ഒഴുകിയെത്തിയ കൂറ്റൻ പാറകൾ പൊട്ടിച്ചുനീക്കുന്ന പണിയാണ് തുടർന്നു കൊണ്ടിരിക്കുന്നത്. ഇതോടെ നെല്ലിയാമ്പതിയിലേക്കുള്ള യാത്രാനിരോധനം വെള്ളിയാഴ്ചയും തുടരും. ചെറുനെല്ലിയിലും കുണ്ടറച്ചോലയ്ക്ക് മുകൾഭാഗത്തും പാതയിലേക്ക് വീണ കൂറ്റൻ പാറക്കല്ലുകൾ യന്ത്രം ഉപയോഗിച്ച് പൊട്ടിച്ചുമാറ്റലും മണ്ണുമാന്തി യന്ത്രം ഉപയോഗിച്ച് ഉപരിതലം വൃത്തിയാക്കുന്ന ജോലിയും നാലു ദിവസമായി നടക്കുന്നുണ്ട്. പാതയിലേക്ക് വീഴാറായി തള്ളി നിൽക്കുന്ന പാറക്കല്ലുകൾ നിയന്ത്രിത അളവിൽ പൊട്ടിച്ചു നീക്കുന്നതിനാലാണ് കൂടുതൽ സമയം എടുക്കുന്നത്. ജൂലൈ 29നാണ് നെല്ലിയാമ്പതിയിൽ ചുരം റോഡിൽ വിവിധ ഇടങ്ങളിൽ ഉരുൾപൊട്ടി ഗതാഗതം പൂർണമായി മുടങ്ങിയത്.അഞ്ചുദിവസത്തിനുശേഷം ഗതാഗതം പുനഃസ്ഥാപിച്ചുവെങ്കിലും വലിയ കല്ലുകൾ പാതിയിലേക്ക് തള്ളിനിൽക്കുന്നതിനാൽ വലിയ വാഹനങ്ങൾ കടന്നുപോകാൻ കഴിഞ്ഞിരുന്നില്ല. പാറ പൊട്ടിച്ചു നീക്കിയയിടത്ത് ഉറവ വെള്ളം പാതയിലേക്ക് ഒഴുകാതിരിക്കാൻ ചാലുകളും കല്ലും മണ്ണും മാറ്റുന്നതിനോടൊപ്പം ഉണ്ടാക്കുന്നുണ്ട്. 23 ദിവസമായി നെല്ലിയാമ്പതിയിലേക്ക് വിനോദസഞ്ചാരികളുടെ പ്രവേശനം നിയന്ത്രിച്ചിരിക്കുന്നതിനാൽ സഫാരി ജീപ്പ് ഡ്രൈവർമാരും റിസോർട്ട് ഉടമകളും വിനോദസഞ്ചാരികളെ ആശ്രയിച്ചുള്ള വ്യാപാരികളും ബുദ്ധിമുട്ടിലാണ്.

പ്രത്യേക പാർലമെന്റ് സമ്മേളനം വിളിക്കണം: ജോസ് കെ. മാണി

പാലക്കാട്: ഡോക്ടർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും സുരക്ഷ ഉറപ്പാക്കാൻ സമഗ്രവും പഴുതടച്ചതുമായ നിയമം കൊണ്ടുവരാൻ പ്രത്യേക പാർലമെന്റ് സമ്മേളനം വിളിക്കണമെന്ന് കേരള കോൺഗ്രസ് എം ചെയർമാൻ ജോസ് കെ. മാണി എം.പി. ആവശ്യപ്പെട്ടു. കേരള കോൺഗ്രസ് എം ജില്ലാ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ മനഃസാക്ഷിയെ ഞെട്ടിച്ച് ബംഗാളിൽ ഡോക്ടർക്ക് ഉണ്ടായ ദാരുണമായ സംഭവത്തിൽ അടിയന്തര നിയമ നിർമ്മാണം ആവശ്യമാണ്.

ഹേമ കമ്മിഷൻ റിപ്പോർട്ട് മലയാളിയുടെ മനസിനെ ഞെട്ടിക്കുന്നതാണ്. ഇക്കാര്യത്തിൽ ഇരകളായവർക്ക് ഭയമില്ലാതെ പരാതി നൽകാൻ അവസരമൊരുക്കണം. മറ്റേതൊരു തൊഴിൽ മേഖലയിലും എന്നപോലെ സിനിമ രംഗത്തും സ്ത്രീകൾക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്നും ജോസ് കെ. മാണി ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് അഡ്വ. കെ. കുശലകുമാർ അധ്യക്ഷത വഹിച്ചു.

പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി പാലക്കാട് ഇൻ ചാർജ് ബാബു ജോസഫ് മുഖ്യപ്രഭാഷണം നടത്തി. അഡ്വ. ജോസ് ജോസഫ്, സംസ്ഥാന സ്റ്റിയറിങ് കമ്മിറ്റി അംഗം കെ.എം. വർഗീസ്, സംസ്ഥാന സെക്രട്ടറിയേറ്റ് അംഗങ്ങളായ ബേബി പാണൂച്ചിറ, എ. ശശിധരൻ, ജില്ലാ ജനറൽ സെക്രട്ടറി തോമസ് ജോൺ കാരുവള്ളി, മധു ദണ്ഡപാണി, ജില്ലാ വൈസ് പ്രസിഡന്റുമാരായ ടൈറ്റസ് ജോസഫ്, അലക്സ് തോമസ്, ജില്ലാ ജനറൽ സെക്രട്ടറിമാരായ ജോസ് വടക്കേക്കര, എ.പി. മത്തായി ഐക്കര, മിനിമോൾ ജോൺ, ആർ. പമ്പാവാസൻ എന്നിവർ പ്രസംഗിച്ചു.

● കേരള കോൺഗ്രസ് എം പാലക്കാട് ജില്ലാ പ്രതിനിധി സമ്മേളനം ചെയർമാൻ ജോസ് കെ. മാണി എം.പി ഉദ്ഘാടനം ചെയ്യുന്നു.

● സ്തുത്യർഹ സേവനത്തിനുള്ള സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ സംസ്ഥാന അവാർഡ് നേടിയ കുലുക്കല്ലൂർ എ.യു.പി സ്കൂളിലെ അധ്യാപകൻ കെ. മുജീബ് റഹ്മാൻ തിരുവനന്തപുരം ശിക്ഷക് സദനിൽ നടക്കുന്ന സംസ്ഥാന കൗൺസിലിൽ ഡി.ജി.ഇ. എസ്. ഷാനവാസിൽ നിന്നും അവാർഡ് സ്വീകരിക്കുന്നു. ഒറ്റപ്പാലം സ്കൗട്ട് ജില്ല ട്രെയിനിങ് കമ്മിഷണർ ആണ് മുജീബ്.

നെന്മാറയിൽ വഴി തടസപ്പെടുത്തി കച്ചവടം

നെന്മാറ: പാസ്പോർട്ട് ഓഫീസിനും പോസ്റ്റോഫീസിനും സമീപമുള്ള വ്യാപാരികളാണ് റോഡിലേക്ക് സാധനങ്ങൾ ഇറക്കിവെച്ച് മാർഗതടസം സൃഷ്ടിക്കുന്നത്. നെന്മാറ ബസ് സ്റ്റാൻഡ്, ആശുപത്രി, നെല്ലിയാമ്പതി തുടങ്ങിയ ഭാഗങ്ങളിലേക്ക് പോകുന്ന പ്രധാന റോഡിലേക്കാണ് വ്യാപാരസാധനങ്ങൾ ഇറക്കിവെച്ച് വ്യാപാരം നടത്തുന്നത്. റോഡരികിലെ വെള്ള വര ഇട്ടിരിക്കുന്നത് വരെയാണ് സാധനങ്ങൾ സ്റ്റാൻഡുകളിലാക്കി നിരത്തി വെച്ചിരിക്കുന്നത്. ഇതുമൂലം കാൽനടയാത്രക്കാരും ഇരുചക്രവാഹനക്കാരും റോഡിലേക്ക് കയറി പോകേണ്ട സ്ഥിതിയാണുള്ളത്.

പാസ്പോർട്ട് സേവനങ്ങൾക്കായി വരുന്നവരുടെ ഇരുചക്ര വാഹനങ്ങൾ പോലും ഇതുമൂലം റോഡരികിൽ നിർത്താൻ കഴിയുന്നില്ലെന്നാണ് പരാതി. പാസ്പോർട്ട്, പോസ്റ്റോഫീസ് സേവനങ്ങൾക്ക് വരുന്നവർ ഇതുമൂലം 100 മീറ്റർ അകലെ പോലീസ് സ്റ്റേഷനപ്പുറം വാഹനങ്ങൾ നിർത്തി നടന്നു വരണം. ഗതാഗതം നിയന്ത്രിക്കുന്ന പോലീസ് അധികൃതരും റോഡിലേക്ക് ഇറക്കി വ്യാപാരം നടത്തുന്നതിനെതിരെ പൊതുമരാമത്തും നടപടി സ്വീകരിക്കണമെന്നാണ് ആവശ്യം.

ശില്പശാല നടത്തി

ആലത്തൂർ: മാലിന്യമുക്തം നവകേരളം പദ്ധതിയുടെ രണ്ടാം ഘട്ടം പഞ്ചായത്ത് തല ശില്പശാല പഞ്ചായത്ത് പ്രസിഡന്റ് സി. രമേഷ്കുമാർ ഉദ്ഘാടനം ചെയ്തു. മെമ്പർ ഗോപൻ അധ്യക്ഷത വഹിച്ചു. മെമ്പർമാരായ സുജാത, ഗിരിജ രാജൻ, ബീന ഗോപി, സുചിത്ര, സെക്രട്ടറി മണികണ്ഠൻ തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിൽ എൻ.എസ്.എസ് വളണ്ടിയർമാർ, ഗ്രന്ഥശാല ഭാരവാഹികൾ, യുവജന ക്ലബ് ഭാരവാഹികൾ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ചടങ്ങിൽ 34 ഹരിത കർമ്മ സേന അംഗങ്ങളെയും ആദരിച്ചു.

കണ്ടക്ടറുടെ മരണം: കൊലക്കുറ്റത്തിന് കേസെടുക്കണമെന്ന്

പാലക്കാട്: പലിശക്കാരുടെ മർദനമേറ്റ കെ.എസ്.ആർ.ടി.സി. കണ്ടക്ടർ മരിച്ച സംഭവത്തിൽ കൊലക്കുറ്റത്തിന് കേസെടുക്കണമെന്നാവശ്യപ്പെട്ട് നാഷണൽ ജനതാദൾ ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകിയതായി സംസ്ഥാന ജനറൽ സെക്രട്ടറി നൗഷിദ നസീർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. മൈക്രോ ഫിനാൻസിങ് സ്ഥാപനങ്ങളുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

മൈക്രോ ഫിനാൻസിങ് സ്ഥാപനങ്ങളുടെ ഇരകളാകുന്നത് അധികവും സ്ത്രീകളാണ്. പത്തും പതിനഞ്ചും സ്ത്രീകളെ സംഘങ്ങളാക്കി എടുത്താണ് മൈക്രോ ഫിനാൻസ് കമ്പനിക്കാർ പ്രവർത്തിക്കുന്നത്. തിരിച്ചടവ് മുടങ്ങുമ്പോൾ സ്ത്രീകളെ അസഭ്യം പറയുകയും അപമര്യാദയായി പെരുമാറുകയും ചെയ്യുന്നു. ജില്ലയിലുടനീളം ലൈസൻസില്ലാതെ കൊള്ള പലിശ സംഘങ്ങൾ പ്രവർത്തിക്കുകയാണ്. ഇവർക്കെതിരെ നടപടി വേണം. വാർത്താസമ്മേളനത്തിൽ നാഷണൽ ജനതാദൾ ജില്ലാ കമ്മിറ്റി അംഗങ്ങളായ ആർ. നിലാവർണീസ, എം. നൂർജഹാൻ, മഹിളാ ജനത ജില്ല പ്രസിഡന്റ് എസ്. വിജയലക്ഷ്മി, ജില്ല കമ്മിറ്റി അംഗം പ്രസന്ന എത്തനൂർ എന്നിവർ പങ്കെടുത്തു.

രണ്ട് മാസത്തിൽ 210 അബ്കാരി കേസ്

പാലക്കാട്: ജില്ലയിൽ ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ 210 അബ്കാരി കേസുകളിലും 44 മയക്കുമരുന്ന് കേസുകളിലുമായി 219 പ്രതികളെ അറസ്റ്റ് ചെയ്തു. അബ്കാരി കേസുകളിലായി 835.4 ലിറ്റർ ഇന്ത്യൻ നിർമിത വിദേശമദ്യവും 7.8 ലിറ്റർ ബിയറും 55.5 ലിറ്റർ ചാരായവും 54 ലിറ്റർ വ്യാജമദ്യവും 4218 ലിറ്റർ വാഷും 405 ലിറ്റർ കള്ളും പിടിച്ചെടുത്തു. മയക്കുമരുന്ന് കേസുകളിൽ 95.06 കിലോഗ്രാം കഞ്ചാവും 609 കഞ്ചാവ് ചെടികളും 15 ഗ്രാം നൈട്രസെപാം ടാബ്ലെറ്റും പിടിച്ചെടുത്തു. പുകയില ഉൽപന്നങ്ങളുമായി ബന്ധപ്പെട്ട് 766 കേസുകളിലായി 212.53 കിലോഗ്രാം പുകയില ഉൽപന്നങ്ങൾ പിടിച്ചെടുത്തു. 1791 കള്ള് ഷാപ്പുകളും 62 ബാറുകളും പരിശോധിച്ച് 115 കള്ള് സാമ്പിളുകളും അഞ്ച് ഇന്ത്യൻ നിർമിത വിദേശമദ്യ സാമ്പിളുകളും ശേഖരിച്ചു.

അബ്കാരി, എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങളെക്കുറിച്ചും അനധികൃത കടത്ത് സംബന്ധിച്ചുമുള്ള വിവരങ്ങളും പരാതികളും പൊതുജനങ്ങൾക്ക് ജില്ലാതല കൺട്രോൾ റൂമിലും താലൂക്ക്തല കൺട്രോൾ റൂമിലും ഫോൺ മുഖേന അറിയിക്കാം. ജില്ലാതല കൺട്രോൾ റൂം: 155358 (ടോൾ ഫ്രീ), 0491 2505897. താലൂക്ക്തല കൺട്രോൾ റൂം: ഒറ്റപ്പാലം–0466 2244488, 9400069616, മണ്ണാർക്കാട്–0492 4225644, 9400069614, പാലക്കാട്–0491 2539260, 9400069430, ചിറ്റൂർ–0462 3222272, 9400069610, ആലത്തൂർ–0492 2222474, 9400069612. എക്സൈസ് സ്പഷൽ സ്കാഡ്: 0491 2526277.

ഹാർഡ് ബോൾ ക്രിക്കറ്റ് ലീഗ്

പെരിങ്ങോട്ടുകുറിശി: ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ സംഘടിപ്പിച്ച ഗ്രാന്റ് ടെക് സ്റ്റീൽ ഫാബ് ഹാർഡ് ബോൾ ക്രിക്കറ്റ് ലീഗ് സീസൺ മൂന്നിൽ എം.എസ്. ഗ്ലാസ് ക്രിക്കറ്റ് ടീം ജേതാക്കളായി. ഈഗിൾസ് പുതുക്കോടിനെയാണ് ഫൈനൽ മത്സരത്തിൽ പരാജയപ്പെടുത്തിയത്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.കെ. ദേവദാസ് വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എസ്. സിദ്ദിഖ്, രഘു കുത്തനൂർ, ഹാനി നിലമുറ്റം, സുഖിൽദാസ്, ഉമറുൽ ഫാറൂഖ്, പ്രതീഷ്, പ്രഷോഭ്, മിഥ്ലജ്, ഫൈസൽ, ജൈഷ്ൽ പ്രസംഗിച്ചു. എമേർജിങ് പ്ലയർക്കുള്ള അവാർഡ് മാസ്റ്റേഴ്സ് ക്രിക്കറ്റ് താരം പ്രശാന്ത് സ്വന്തമാക്കി. ബെസ്റ്റ് ബോളർക്കുള്ള പുരസ്കാരം എം.എസ്. ഗ്ലാസിലെ വിഷ്ണു വർധനും ബെസ്റ്റ് ബാറ്റ്സ്മാനുള്ള എം.വി.പി. പുരസ്കാരം നിജിൽ കുത്തനൂരും സ്വന്തമാക്കി.

മോട്ടോർ ഷെഡുകൾ നീക്കം ചെയ്യണമെന്ന്

കുഴൽമന്ദം: പമ്പിങ്ങിനു ആവശ്യമായ വെള്ളം ലഭ്യമല്ലാതായതോടെ പ്രവർത്തനം നിർത്തിവച്ച കുടിവെള്ള പദ്ധതികളുടെ മോട്ടോർ ഷെഡുകൾ നീക്കം ചെയ്യണമെന്നാവശ്യം ശക്തമാവുന്നു. പഞ്ചായത്ത് തലത്തിൽ വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ച മിനി കുടിവെള്ള പദ്ധതികളുടെ മോട്ടോർ ഷെഡുകളാണ് മിക്കയിടങ്ങളിലും കാടുമൂടി നശിച്ചും സ്ഥലം മുടക്കിയായും നിലകൊള്ളുന്നത്. പ്രധാന റോഡുകൾ കടന്നുപോകുന്ന പ്രദേശത്താണ് ഇത്തരം മോട്ടോർ ഷെഡുകൾ യാതൊരു പ്രയോജനവുമില്ലാതെ നിലകൊള്ളുന്നത്. ജൽ ജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിൽ മുഴുവൻ വീടുകളിലേക്കും വാട്ടർ കണക്ഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതോടൊപ്പം അവശേഷിക്കുന്ന പ്രവർത്തനയോഗ്യമായ മിനി കുടിവെള്ള പദ്ധതികൾ കൂടി ഏറെ കഴിയും മുമ്പേ അവഗണിക്കപ്പെടാനുള്ള സാധ്യതകളുമുണ്ട്.

വരൾച്ചമൂലം കുടിവെള്ള പ്രതിസന്ധി രൂക്ഷമായി സാഹചര്യത്തിലാണ് വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്ത് തലത്തിൽ വ്യാപകമായി വിവിധ പദ്ധതി ഫണ്ടുകൾ വിനിയോഗിച്ച് മിനി കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിരുന്നത്. തുടർച്ചയായ പമ്പിങ്മൂലവും മറ്റും ആവശ്യത്തിനു വെള്ളം കിട്ടാത്തതാണ് നേരത്തെ തന്നെ പല മിനി കുടിവെള്ള പദ്ധതികൾക്കും തിരിച്ചടിയായത്. ഗതാഗത വികസനം നടപ്പാക്കുന്ന പ്രദേശങ്ങളിൽ ഇത്തരം പദ്ധതികളുടെ ശേഷിപ്പുകൾ പ്രതിസന്ധിയാവുന്നു. റോഡുകൾക്ക് അനുബന്ധമായി അഴുക്കുചാലുകൾ ഉൾപ്പെടെ നിർമിക്കാനും ഇത്തരം പദ്ധതികൾ തടസമാകാൻ സാധ്യതയുണ്ടെന്നാണ് പറയുന്നത്. പ്രയോജനരഹിതമായ കുടിവെള്ള പദ്ധതികളുടെ മോട്ടോർ ഷെഡുകൾ നീക്കം ചെയ്ത് പ്രദേശങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാണ് ജനങ്ങളുടെ ആവശ്യം.

ആവശ്യമുണ്ട്

മംഗളം ദിനപത്രത്തിലേക്ക് പ്രാദേശിക ലേഖകരെ ആവശ്യമുണ്ട്

സ്ഥലങ്ങൾ :

1. മണ്ണാർക്കാട്
2. ചെർപ്പുളശ്ശേരി
3. പട്ടാമ്പി
4. ഷൊർണൂർ
5. കോങ്ങാട്
6. ആലത്തൂർ
7. കഞ്ചിക്കോട്
8. കൊല്ലങ്കോട്
9. കൊടുവായൂർ
10. തൃത്താല
11. ശ്രീകൃഷ്ണപുരം

താൽപര്യമുള്ളവർ 7 ദിവസത്തിനകം താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക

മംഗളം

ഫസ്റ്റ് ഫ്ളോർ, സിറ്റി ലോഡ്ജ് ബിൽഡിങ്, കൊക്കാല, തൃശൂർ. ഫോൺ : 9400556941

അസ്റ്റ് റീകൺസ്ട്രക്ഷൻ കമ്പനി (ഇന്ത്യ) ലിമിറ്റഡ്., (ആർസിൽ)
CIN-U65999MH2002PLC134884\ വെബ്സൈറ്റ്: www.arcil.co.in
എം./എസ്. ശ്രീ ഗുരുജീ സ്പൈസസുമായി ബന്ധപ്പെട്ട സാമ്പത്തിക ആസ്തികളുടെ ട്രസ്റ്റിന്റെ ട്രസ്റ്റി എന്ന നിലയിൽ ആർസിൽ–എസ്ബിപിഎസ്–006–VII അതിന്റെ ശേഷിയിൽ പ്രവർത്തിക്കുന്നു
ആർസിൽ ഓഫീസ്: ദി റൂബി, പത്താം നില, 29, സേനാപതി ബാപത് മാർഗ്, ദാദർ (പടിഞ്ഞാറ്). മുംബൈ 400 028

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 (സർഫാസി ആക്ട്), 2002ലെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 8,9 വ്യവസ്ഥ പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് ഓൺലൈനിൽ സ്ഥാവര സ്വത്തുക്കൾ റിൽക്കുന്നതിനുള്ള പൊതു ഇ-ലേല റിൽപന നോട്ടീസ്

പൊതുവെ പൊതുജനങ്ങൾക്കും വായ്പക്കാർ (ജാമ്യക്കാർ) / പണയക്കാർ എന്നിവർക്കു പ്രത്യേകിച്ചും ഈ നോട്ടീസ് മുഖേ നൽകുന്ന അറിയിപ്പ്, താഴെ റിവരിച്ചിരിക്കുന്ന പണയം വെച്ച/ഈടു നൽകിയിട്ടുള്ള സ്ഥാവരജംഗമ സ്വത്തുക്കൾ/അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി (ഇന്ത്യ) ലിമിറ്റഡ്, ആർസിലിന്റെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നു - ആർസിൽ–എസ്ബിപിഎസ്–006–VII ട്രസ്റ്റ് (''ആർസിൽ'') (കർണാടക ബാങ്ക് 2021 നവംബർ 26 ലെ രജിസ്റ്റർ ചെയ്ത അസൈൻമെന്റ് ഉടമ്പടി പ്രകാരം ആർസിലിന് സാമ്പത്തിക ആസ്തി നൽകിയതിന് അനുസൃതമായി, ഓൺലൈൻ ഇലേലത്തിലൂടെ